ഉൾപ്പെടെ ആകെ 2270.52 കോടി രൂപ നികുതിയിനത്തിൽ പിരിച്ചെടുക്കാനുണ്ട്.

(ബി) വിൽപ്പന നികുതിയിനത്തിൽ 984.06 കോടി രൂപയും എക്സൈസ് നികുതിയിനത്തിൽ 196.54 കോടി രൂപയും പിരിഞ്ഞുകിട്ടാനുണ്ട്. ആദായനികുതി പിരിവ് സംസ്ഥാന സർക്കാരിന്റെ പരിധിയിൽ വരുന്നതല്ല.

(സി) വിൽപ്പന നികുതിയിനത്തിൽ 101.21 കോടി രൂപയും കാർഷികാദായ നികുതിയിനത്തിൽ 11.88 കോടി രൂപയും എക്സൈസ് നികുതിയിനത്തിൽ 120.79 കോടി രൂപയും ലാന്റ് റവന്യൂയിനത്തിൽ 11.61 കോടി രൂപയും റവന്യൂ റിക്കവറിയിനത്തിൽ 675.73 കോടിരൂപയും വാഹനനികുതിയിനത്തിൽ 1.28 കോടി രൂപയും ഉൾപ്പെടെ 922.50 കോടി രൂപ കോടതി, മറ്റ് അധികാരികൾ എന്നിവരുടെ സ്റ്റേമൂലം ലഭിക്കാനുണ്ട്.

(ഡി) കോടതി മറ്റ് അധികാരികൾ എന്നിവർമൂലം ആകെ 922.50 കോടി രൂപയ്ക്ക് സ്റ്റേ നൽകിയിട്ടുണ്ട്. ഇതിൽ അബ്കാരിയിനത്തിൽ മാത്രം 79.05 കോടി രൂപ ഉണ്ട്.

വിൽപ്പന നികുതിയിൽനിന്ന് ഒഴിവ്

10 (1833) ശ്രീ. വി.ജെ. പൗലോസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എന്തെല്ലാം തത്വങ്ങളുടെ അടിസ്ഥാനത്തിലാണ് വിൽപ്പന നികുതിയിൽനിന്ന് ഒഴിവു നൽകുന്നത്;

(ബി) അഗതികളുടെ സംരക്ഷണാർത്ഥം നടത്തുന്ന സ്ഥാപനങ്ങൾ ഉൽപ്പാദിപ്പിക്കുന്ന സാധനങ്ങളെ വിൽപ്പന നികുതിയിൽനിന്നും ഒഴിവാക്കുന്നതിൽ എന്തെങ്കിലും തടസ്സമുണ്ടോ;

(സി) അഗതികളുടെ സംരക്ഷണാർത്ഥം സിസ്റ്റേഴ്സ് ഓഫ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ കോതമംഗലം സെന്റ് വിൻസന്റ് പ്രോവിഡന്റ് തൊടുപുഴ ഏറ്റെടുത്തു നടത്തുന്ന കാർമൽ ഫുഡ് ഇൻഡസ്ട്രീസിനെ വിൽപ്പന നികുതിയിൽനിന്നും ഒഴിവാക്കണമെന്നാവശ്യപ്പെടുന്ന നിവേദനം ലഭിച്ചിട്ടുണ്ടോ;

(ഡി) പ്രസ്തുത സ്ഥാപനങ്ങളെ വിൽപ്പന നികുതിയിൽനിന്ന് ഒഴിവാക്കുമോ?

ഉത്തരം

(എ) പൊതു താൽപ്പര്യം പരിഗണിച്ച് ഒഴിവാക്കപ്പെടേണ്ടതാണെന്ന് ഗവൺമെന്റിന് ബോധ്യപ്പെടുന്ന പക്ഷം കേരള പൊതുവിൽപ്പന നികുതി നിയമത്തിലെ 10-ാം വകുപ്പനുസരിച്ചാണ് വിൽപ്പന നികുതി ഒഴിവ് അനുവദിക്കുന്നത്.

(ബി) സ്ഥാപനം ആരു നടത്തുന്നു എന്നതിന്റെ അടിസ്ഥാനത്തിലല്ല നികുതി ഒഴിവ് നൽകുന്നത്. പൊതു താൽപ്പര്യാർത്ഥം ഒഴിവു നൽകാനുള്ള അർഹത ബോദ്ധ്യപ്പെട്ടതുകൊണ്ടാണ്. 10 ലക്ഷം രൂപവരെ വിറ്റുവരവുള്ള ധർമ്മ സ്ഥാപനങ്ങൾക്ക് നികുതി ഒഴിവുണ്ട്.

(സി) ഉണ്ട്.

(ഡി) അർഹതയുടെ അടിസ്ഥാനത്തിൽ പരിശോധിച്ചു തീരുമാനം കൊക്കൊള്ളുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly